"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - ഭാരതീയ ചികിത്സ വകുപ്പിലെ ക്ലാർക്കായ ശ്രീ.നവീൻകുമാറിനെ കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭയിലെ പുനർവിന്യാസ ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.2576/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 15.11.2019.**

---

പരാമർശം: 1) സ.ഉ.(അ)നം.187/2000/തസ്വഭവ, തീയതി, 04.07.2000.

2) സ.ഉ(സാധാ)നം.2531/2018/തസ്വഭവ തീയതി.29.09.2018

3) ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറുടെ 25.03.2019-ലെ ഇ3-30524/2017 നമ്പർ കത്ത്

4) നഗരകാര്യ ഡയറക്ടറുടെ 20.07.2019-ലെ ഇ6-10630/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സ വകുപ്പിലെ ക്ലാർക്കായ ശ്രീ. നവീൻകുമാറിന് കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിലേക്ക് പുനർവിന്യാസ നിയമനം നൽകികൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. ശ്രീ നവീൻകുമാറിന് പുനർവിന്യാസ നിയമനം നൽകിയ നീലേശ്വരം ബ്ലോക്ക് ടിയാളുടെ സ്വദേശമായ പെർളയിൽ നിന്നും 70 കിലോമീറ്റർ അകലെയായതിനാൽ ദൈനംദിന യാത്രയ്ക്ക് വളരെ ബുദ്ധിമുട്ടുള്ള സാഹചര്യമാണെന്നും അതിനാൽ ടിയാനെ പെർളയ്ക്ക് അടുത്തോ കന്നട ഭാഷ സ്വാധീനമുള്ള മറ്റ് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലോ നിയമിക്കണമെന്ന് പരാമർശം (3) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭയിൽ പുനർവിന്യാസ ഒഴിവുള്ളതായി പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സ വകുപ്പിലെ ജീവനക്കാരനായ ശ്രീ.നവീൻ കുമാറിനെ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭയിലെ നിലവിലെ പുനർവിന്യാസ ഒഴിവിലേക്ക് നിയമനം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, ഭാരതീയ ചികിത്സ വകുപ്പ്, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ, കാസറഗോഡ്.

ശ്രീ.നവീൻകുമാർ, ക്ലാർക്ക്, ഭാരതീയ ചികിത്സ വകുപ്പ് (വകുപ്പ മേധാവി മുഖേന).

ഭാരതീയ ചികിത്സ വകുപ്പ്

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ